ശ്രീ. ടി. കെ. ഹംസ : അനന്തര നടപടികളൊക്കെ സ്വീകരിക്കേണ്ടതായുണ്ട്. ടെൻഡർകരാർ, ഇത്തരം കാര്യങ്ങളൊക്കെ തീർന്നാൽ ഉടൻ അതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ചോദ്യകർത്താവ് സഭയിൽ ഇല്ല എന്നതിനാൽ ചോദ്യം 204 ഉന്നയിച്ചില്ല.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ (തുടർച്ച)

എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ച

* 8. [205] ശ്രീ. നാലകത്ത് സൂപ്പി :
,, പി. എം. അബൂബക്കർ :
,, പി. സീതി ഹാജി :
,, ഇ. അഹമ്മദ് :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മാർച്ച് മാസത്തിൽ നടത്തിയ എസ്. എസ്. എൽ. സി. ചോദ്യക്കടലാസ് ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എവിടെയെല്ലാം ഇത് സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടത്തിയോ ;

(സി) അന്വേഷണത്തിൽ ഏതെല്ലാം വിഷയങ്ങളുടെ ചോദ്യക്കടലാസുകളാണ് ചോർന്നതായി ശ്രദ്ധയിൽപ്പെട്ടത് ; എവിടെയെല്ലാം ;

(ഡി) ഈ എക്സാമിനേഷൻ നടത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ ?

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ)

(എ, ബി) കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ എഴുകുംവയൽ ഗവൺമെന്റ് ഹൈസ്ക്കൂളിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ക്രമക്കേടുണ്ടായി എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതേപ്പറ്റി അന്വേഷണം നടത്തി.

(സി) അന്വേഷണത്തിൽ പ്രസ്തുത സ്ക്കൂളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ചരിത്രം എന്നീ വിഷയങ്ങളുടെ ചോദ്യക്കടലാസുകൾ അടങ്ങിയ പാക്കറ്റുകൾ പൊട്ടിച്ച് വീണ്ടും സീൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു.

(ഡി) ഇല്ല.

ശ്രീ. നാലകത്ത് സൂപ്പി : ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അന്വേഷണം നടത്തി അതിന് ഉത്തരവാദികൾ ആരാണ് എന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു ?

ശ്രീ. കെ. ചന്ദ്രശേഖരൻ : ഉത്തരവാദി ആ സ്ക്കൂളിലെ തന്നെ ചീഫ് സൂപ്രണ്ടായ ആ സ്ക്കൂളിലെ ഹെഡ്മാസ്റ്ററാണ് ; ശ്രീ. വി. എൻ. ഗോപാലകൃഷ്ണപിള്ള. അദ്ദേഹത്തിന്റെ മകൻ ചങ്ങനാശ്ശേരി എൻ. എസ്. എസ്. ബോയിസ് ഹൈസ്ക്കൂളിൽ പഠിക്കുന്നുണ്ട്. ആ കുട്ടിക്ക് ഈ ചോദ്യക്കടലാസ് പറഞ്ഞുകൊടുക്കാൻവേണ്ടി തുറന്നിട്ട് അടച്ചുവെച്ചതാണ്. വേറെ ആരേയും അദ്ദേഹം കാണിച്ചിട്ടില്ല. അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. മകന്റെ റിസൾട്ട് വിത്ത് ഹെൽഡ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : നമ്മുടെ സംസ്ഥാനത്ത് എസ് എസ്. എൽ.സി. ആയാലും പ്രീ-ഡിഗ്രി ആയാലും ഡിഗ്രി പരീക്ഷയായാലും ചോദ്യ പേപ്പർ ചോർച്ച ഒരു നിത്യസംഭവമായി മാറിയിട്ടുണ്ട്. അതിൽ ഇപ്പോൾ അത്ഭുതമൊന്നുമില്ല. ആ സ്ഥിതി മാറ്റുന്നതിനും ഇത്തരം അവസരങ്ങളിൽ ബന്ധപ്പെട്ട ആളുകളുടെ പേരിൽ കർശനമായ നടപടി എടുക്കുന്നതിനും ഗവൺമെൻറ് വ്യക്തമായ ഒരു തീരുമാനം എടുക്കുമോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ ആദ്യ ഭാഗം ഞാൻ നിഷേധിക്കുന്നു. ഇത്തരത്തിലൊന്നും ചോർച്ചകൾ നടക്കുന്നില്ല. ഇത് വെറും ഒറ്റപ്പെട്ട സംഭവമാണ്. ഈ ഹെഡ്മാസ്റ്ററുടെ സ്വഭാവദൂഷ്യംകൊണ്ടുമാത്രം ഉണ്ടായതാണ്. കർശന നടപടികൾ അദ്ദേഹത്തിനെതിരായി എടുത്തിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദാലി : ചോദ്യക്കടലാസ് ചോർച്ചപോലെതന്നെ പല സ്കൂളുകളിലും കോപ്പിയടിക്കുന്നത് കാണാൻ കഴിയും. ഇത്തരം വല്ല കേസ്സുകളും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുനടപടി എടുത്തു എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : കോപ്പിയടിച്ച പരാതിയും ചിലപ്പോൾ കിട്ടാറുണ്ട്. ഇത്തവണ കോപ്പിയടിച്ച പരാതിയൊന്നും കിട്ടിയിട്ടില്ല.

പ്രൈമറി ക്ലാസ്സുകളിലെ പരീക്ഷകളിൽ ഏകീകരണം വരുത്താൻ നടപടി

* 9. [206] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി സ്കൂളുകളിലെ പരീക്ഷകൾ നടത്തുന്നതിൽ ഏകീകരണ സ്വഭാവം ഉണ്ടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിർദ്ദേശങ്ങൾ ?

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ :

(എ, ബി) പ്രൈമറി സ്കൂളുകളിലെ പരീക്ഷകൾ നടത്തുന്നതിൽ ഏകീകരണ സ്വഭാവം ഉണ്ടാക്കുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : പ്രൈമറി ക്ലാസ്സുകളിലെ വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ പ്രൈമറി ക്ലാസ്സുകളിൽ കൂടി ഏകീകൃത പരീക്ഷാനയം നടപ്പിലാക്കുന്നതിന് ഗവൺമെൻറ് അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇപ്പോൾ സ്വീകരിക്കുന്നത്, പരീക്ഷാതീയതി, ടൈംടേബിൾ തുടങ്ങിയ കാര്യങ്ങളിൽ ഏകീകരണം ഒരളവുവരെ നൽകുക എന്നതാണ്. എല്ലാ പ്രൈമറി സ്കൂളുകളിലേയും നിലവാരം വ്യത്യസ്തമാണ്. അതുകൊണ്ട് വ്യത്യസ്തമായിട്ടുള്ള ചോദ്യക്കടലാസുകൾ അതാതുകൊടുക്കേണ്ടതായി വരും.

ശ്രീ. ചെർക്കളം അബ്ദുള്ള : 1958-ൽ ഇല്ലാതായ ഇ.എസ്. പരീക്ഷാ സമ്പ്രദായം വീണ്ടും നടപ്പിലാക്കുകവഴി നമ്മുടെ നിലവാരം ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെൻറിന്റെ പക്കലുണ്ടോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : പരീക്ഷാസമ്പ്രദായത്തിൽ വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly